"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് 2025- പോലീസ് സ്റ്റേഷനുകളുടെ അത്യാവശ്യ അറ്റകുറ്റപ്പണികൾക്കായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.4367/2025/HOME തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 26.11.2025 തീയതിയിലെ സി2-222821/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

<u>ഉത്തരവ്</u>

2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷൻ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ചെലവുകൾക്കായി ഓരോ പോലീസ് സ്റ്റേഷനും 1,00,000/- രൂപയും, സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി 1,00,000/- രൂപയും അനുവദിച്ച് നൽകണമെന്ന സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പിന്റെ ശുപാർശ പ്രകാരം ഇതിനകം 59.233 കോടി രൂപ അനുവദിച്ച് നൽകിയിട്ടുള്ള സാഹചര്യത്തിലും, ടോയിലറ്റുകൾ, കുളിമുറികൾ, മൂത്രപ്പുര എന്നിവയുടെ അറ്റകുറ്റപ്പണികൾ ഒഴികെയുള്ളവയ്ക്ക് എല്ലാം ഇതിനകം തുക അനുവദിച്ചിട്ടുണ്ട് എന്നതിനാലും, തദ്ദേശ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഓരോ പോലീസ് സ്റ്റേഷന്റെയും അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി '18-maintenance' എന്ന ശീർഷകത്തിൽ നിന്നും 25,000/- രൂപ (ഇരുപത്തിയയ്യായിരം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASEETHA K C
ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (08.12.2025 തീയതിയിലെ വ്യയം-എ3/518/2025-ധന പ്രകാരം)
ഡയറക്ടർ, ഐ&പി.ആർ.ഡി. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divya R S
Date: 17-12-2025 13:12:58